# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **2311** **17-08-2017** ൽ മറുപടിക്ക്

## പഠനമുറി പദ്ധതി

| | ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന പഠനമുറി പദ്ധതിയുടെ നിബന്ധനകൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ)<br>&<br>(ബി) | <u>പട്ടികജാതിവികസന വകുപ്പ്.</u><br>ഹൈസ്കൂൾതലം മുതൽ പി.എച്ച്.ഡി. വരെ പഠിക്കുന്ന നിലവിൽ വാസയോഗ്യമായ വീടുള്ള ഒരുലക്ഷം രൂപ വരെ കുടുംബ വാർഷികവരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് രണ്ട് ലക്ഷം രൂപ നിരക്കിൽ പഠനമുറി നിർമ്മിക്കുന്ന ഒരു പുതിയ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.<br><u>പട്ടികവർഗ്ഗവികസന വകുപ്പ്.</u><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സാമൂഹ്യപഠനമുറി പദ്ധതി യുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ള ഒരാളെ തിരഞ്ഞെടുത്ത് പരിശീലനം നല്കി പ്രതിമാസം 15,000/- രൂപ ഓണറേറിയം വ്യവസ്ഥയിൽ നിയോഗിക്കുന്നതാണ്. ഹാംലെറ്റുകളിൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെൻറർ |
| (ബി) | ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കും, ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ , ഇൻററർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ തുടങ്ങിയവയുള്ള ചെലവുകൾ 5 ലക്ഷം രൂപയുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെൻററുകളുടെ നിർമ്മാണത്തിന്റെ ചെലവുകളിൽ മാറ്റം വരും. കുട്ടികൾക്കുള്ള ലഘുഭക്ഷണത്തിനുള്ള തുക കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 100 പട്ടികവർഗ്ഗ സെറ്റിൽമെൻറുകളിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാർത്ഥികളേയും ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.<br>ഈ പദ്ധതി പ്രകാരം ഊരുകളിലെ എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തും. 50% തുക വനിതകൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ